LIBRARY ARCHIVES Kerala Legislative Assembly

നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

8 (*8) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നെല്ല് നൽകുന്നതിനായി എത്ര കർഷകർ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഈ വർഷത്തെ സംഭരണലക്ഷ്യം എത്രയാണ് ; ഇതിനകം എത്ര ടൺ നെല്ല് സംഭരിച്ചിട്ടുണ്ട് ;

(ഡി) നെല്ലിന്റെ സംഭരണ വില എത്രയാണ് ; ഈ സർക്കാർ സംഭരണ വിലയിൽ എന്തുമാത്രം വർദ്ധനവ് വരുത്തിയിട്ടുണ്ട് ;

(ഇ) കർഷകർക്ക് നെല്ലിന്റെ വില കാലതാമസമില്ലാതെ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2005 വർഷം മുതൽ നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതി കാര്യക്ഷമമാക്കുന്നതിന് വിപുലമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. സംഭരിച്ച നെല്ല് സംസ്ക്കരിച്ച് അരിയാക്കി പൊതുവിതരണത്തിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. അതുവഴി സംസ്ഥാനത്തെ ഏഴു ജില്ലകളിലുള്ള (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്) റേഷൻ കാർഡുടമകൾക്ക് ഗുണമേന്മയും പോഷക ഗുണവുമുള്ള നാടൻ കുത്തരി നൽകി വരുന്നു. ഈ പദ്ധതി പ്രകാരം നെല്ല് നൽകുവാൻ ഉദ്ദേശിക്കുന്ന കർഷകർ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇതിനായുള്ള അപേക്ഷാ ഫോറം കൃഷി ഓഫീസുകളിൽ നിന്നും നൽകുകയും, പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസുകളിൽ തന്നെ സ്വീകരിക്കുകയും ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ നിന്നുമാണ് നെല്ല് സംഭരിക്കുന്നത്. ഇതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ഏർപ്പാടാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം, സംസ്ക്കരണം, വിപണനം, കർഷകർക്ക് വില നൽകുന്നത് എന്നീ എല്ലാ ഘട്ടങ്ങളും വെബ്സൈറ്റിൽ കൂടിയുള്ള സോഫ്റ്റ് വെയർ മുഖേന

നടത്തി വരുന്നു. ഇത്തരത്തിലുള്ള സംവിധാനം നിലവിൽ കേരളത്തിൽ മാത്രമേയുള്ളൂ. കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 14 പാഡിമാർക്കറ്റിംഗ് ഓഫീസർമാർ സംഭരണത്തിന്റെ മേൽനോട്ടം വഹിക്കുന്നു.

(ബി) 2010-11 ഒന്നാം സീസണിൽ ഏകദേശം 26000 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടാം സീസണിലെ രജിസ്ട്രേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) 2010-11 സീസണിൽ 425000 ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ഡിസംബറിൽ അവസാനിച്ച ആദ്യ സീസണിൽ ലക്ഷ്യമിട്ടത് 125000 ടൺ നെല്ല് ആയിരുന്നു. ഇതിൽ 93150 ടൺ നെല്ല് ഇതുവരെ സംഭരിച്ചിട്ടുണ്ട്. രണ്ടാം സീസണിൽ 300000 ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച താങ്ങുവിലയായ കി.ഗ്രാമിന് 13 രൂപ നിരക്കിലാണ് സപ്ലൈകോ നെല്ല് സംഭരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ കി.ഗ്രാമിന് 10 രൂപയാണ് അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണ വില 7.07 രൂപ ആയിരുന്നു. 6 രൂപയോളം വർദ്ധനവാണ് ഈ കാലയളവിൽ വരുത്തിയത്.

(ഇ) കർഷകർക്ക് കാലതാമസം കൂടാതെ നെല്ലിന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു. നിലവിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സബ്സിഡി തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നാൽ നെല്ലിന്റെവില കാലതാമസമില്ലാതെ നൽകുന്നതിനായി ബാങ്കുകളുമായി 250 കോടി രൂപയുടെ ലോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കാലതാമസം പരമാവധി ഒഴിവാക്കാൻ കഴിയുന്നതാണ്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം

9 (*9) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉദ്യോഗ നിയമനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷന് ഇപ്പോഴുള്ള ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) അഡ്വൈസ് മെമ്മോ നൽകിയതിനുശേഷമുള്ള നിയമന കാര്യങ്ങളിൽ കമ്മീഷന് എന്തെങ്കിലും ചുമതല ഇപ്പോഴുണ്ടോ ; ഇല്ലെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പി.എസ്.സി. യുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly